File No.FWLD-B2/146/2018-FWLD

13540
13/7/18

കേരള സർക്കാർ

**സംഗ്രഹം**

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 27.02.2018-ാം തീയതി നടന്ന ഇ-ലേലത്തിൽ ബാക്കിതുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് ശ്രീ. ശ്രീനാഥ്.എം.എസ്, അയോദ്ധ്യ, അഴകം, കണ്ടല.പി.ഒ- യ്ക്ക് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

G.O.(Rt)No.338/2018/F&WLD തീയതി,തിരുവനന്തപുരം, 12/07/2018

---

പരാമർശം:- 1 ശ്രീ. ശ്രീനാഥ്.എം.എസ്, അയോദ്ധ്യ, അഴകം, കണ്ടല.പി.ഒ, തിരുവനന്തപുരം 25/4/2018-ൽ സമർപ്പിച്ച നിവേദനം

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസിന്റെ 2/7/2018-ലെ പ്രൊ(4)-25049/18 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 27.02.2018-ാം തീയതി നടന്ന ഇ-ലേലത്തിൽ ബാക്കിതുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകണമെന്ന് പരാമർശം 1) പ്രകാരം ശ്രീ. ശ്രീനാഥ്.എം.എസ്, ആവശ്യപ്പെട്ടിരുന്നു.

2) ശ്രീ.ശ്രീനാഥ്.എം.എസ് എന്നയാൾ 27.02.2018-ാം തീയതി നടന്ന 27265/17-18-ാം നമ്പർ ഇ-ലേലത്തിൽ 182/17, 329/17, 208/18, 241/18, 240/18 എന്നീ 5 ലോട്ടുകൾ ലേലം കൊണ്ടിട്ടുള്ളതാണെന്നും, ടി ലോട്ടുകളുടെ 35 % തുക ഒടുക്കേണ്ട അവസാന തീയതി 22.03.2018 ആയിരുന്നുവെന്നും എന്നാൽ ശ്രീ.ശ്രീനാഥ്.എം.എസ്, എന്നയാൾക്ക് നിശ്ചിത തീയതിക്കകം തുക ഒടുക്കി ലോട്ടുകൾ നീക്കം ചെയ്യാൻ സാധിച്ചില്ലെന്നും, സമയപരിധിക്കുള്ളിൽ ലേലതുക ഒടുക്കി ലോട്ടുകൾ നീക്കം ചെയ്യാതിരുന്നത് ഇ-ലേലവ്യവസ്ഥകളുടെ ലംഘനമാണെന്നും, ഇപ്രകാരം ലേലംകൊണ്ട തടി യഥാസമയം നീക്കം ചെയ്യാതിരുന്നാൽ ടി ലോട്ടുകൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തണമെന്നാണ് ലേല വ്യവസ്ഥയെന്നും എന്നാൽ ലേലം കൊണ്ട ലോട്ടുകൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലത്തിൽ വച്ച് മതിയായ വില ലഭിക്കാതെ വന്നാൽ പുനർലേലനഷ്ടം ഈടാക്കേണ്ടി വരുമെന്നും സർക്കാർ തലത്തിൽ ഉണ്ടാകുന്ന ഇത്തരം പ്രവർത്തികൾ

സ്വകാര്യ ആവശ്യക്കാരെ ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുമെന്നും ലോട്ടുകൾ തുക ഒടുക്കി നീക്കം ചെയ്യാൻ ടിയാന് അനുമതി നൽകുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുകയില്ല എന്നതിനാലും സ്വന്തം ആവശ്യത്തിനായിട്ടാണ് ലേലം കൊണ്ടത് എന്നതുകൊണ്ടും സ്ഥിരമായി ലേലത്തിൽ പങ്കെടുത്ത് അനുഭവപരിചയമില്ലെന്നതും മനഃപൂർവ്വമല്ലാത്ത വീഴ്ചയാണ് സംഭവിച്ചത് എന്നതും പരിഗണിച്ച് തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

3)ശ്രീ.ശ്രീനാഥ്.എം.എസ് എന്നയാൾ ലേലംകൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിൽ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ലേലക്കാരൻ തുക ഒടുക്കേണ്ട അവസാന തീയതിയ്ക്ക് ശേഷമുള്ള കാലയളവിൽ ലേലക്കാരനിൽ നിന്നും ഉചിതമായ പിഴ ഈടാക്കിക്കൊണ്ടും, ലേല സ്ഥിരീകരണ അറിയിപ്പിന് ശേഷമുള്ള 40 ദിവസം കഴിഞ്ഞുള്ള ഓരോ മാസത്തിനും ഒന്നാം മാസം 150/- രൂപ അടിസ്ഥാന നിരക്കിൽ തടി നീക്കം ചെയ്യുന്ന തീയതി വരെയുള്ള മാസങ്ങളിൽ എണ്ണത്തിന്റെ അടിസ്ഥാന നിരക്കിന്റെ അത്രയും ഇരട്ടി തറ വാടക ഈടാക്കി 5 ലോട്ടുകൾ നീക്കം ചെയ്യാനും അതിനായി ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

4) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ശ്രീനാഥ്.എം.എസ്, അയോദ്ധ്യ, അഴകം, കണ്ടല.പി.ഒ എന്നയാൾ ലേലംകൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിൽ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ലേലക്കാരൻ തുക ഒടുക്കേണ്ട അവസാന തീയതിയ്ക്ക് ശേഷമുള്ള കാലയളവിൽ ലേലക്കാരനിൽ നിന്നും ഉചിതമായ പിഴ ഈടാക്കിക്കൊണ്ടും, ലേല സ്ഥിരീകരണ അറിയിപ്പിന് ശേഷമുള്ള 40 ദിവസം കഴിഞ്ഞുള്ള ഓരോ മാസത്തിനും ഒന്നാം മാസം 150/- രൂപ അടിസ്ഥാന നിരക്കിൽ തടി നീക്കം ചെയ്യുന്ന തീയതി വരെയുള്ള മാസങ്ങളിൽ എണ്ണത്തിന്റെ അടിസ്ഥാന നിരക്കിന്റെ അത്രയും ഇരട്ടി തറ വാടക ഈടാക്കി 5 ലോട്ടുകൾ നീക്കം ചെയ്യാനും അതിനായി ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANILKUMAR V.S

DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

ശ്രീ.ശ്രീനാഥ്.എം.എസ്, അയോദ്ധ്യ, അഴകം, കണ്ടല.പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ & അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്). കേരളം. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
വെബ്&ന്യൂമീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Beena

സെക്ഷൻ ഓഫീസർ